III. CALLING ATTENTION UNDER RULE 61

(1) ARREST OF SHRI T. K. R. PANICKER, NEWS EDITOR, MATHRUBHUMI

ഡെപ്യൂട്ടി സ്പീക്കർ : കേരളത്തിലെ പ്രമുഖ ദിനപ്പത്രങ്ങളിലൊന്നായ മാതൃഭൂമിയുടെ കോഴിക്കോട് ന്യൂസ് എഡിറ്റർ ശ്രീ. ടി. കെ. ആർ. പണിക്കരെ അറസ്റ്റുചെയ്തു ലോക്കപ്പിലിട്ട് അപമാനിച്ചതുമൂലം ഉള വായിട്ടുള്ള ഗുരുതരാവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ റൂൾ 61 അനുസരിച്ച് ശ്രീ. പി. എം. അബൂബേക്കർ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. കെ. കെ. അബുവും ഇതേ പ്രശ്നത്തെപ്പറ്റി റൂൾ 49 അനുസരിച്ച് ഒരു നോട്ടീസ് തന്നിട്ടുണ്ട്. ശ്രീ. അബൂബേക്കറിന് സംസാരിക്കാം.

ശ്രീ. പി. എം. അബൂബേക്കർ : സർ, നമ്മുടെ ഐക്യമുന്നണി ഗവൺമെന്റിന് ഒരിക്കലുംതന്നെ ഭൂഷണമല്ലാത്ത നിർഭാഗ്യകരമായ ഒരു സംഭവത്തിലേക്ക് ബഹുമാനപ്പെട്ട സർക്കാരിന്റെയും ഈ സഭയുടെയും ശ്രദ്ധ ക്ഷണിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിൽ മുൻപു പല സന്ദർഭങ്ങളിലും ഭീകരമായ പോലീസ് മർദ്ദനങ്ങൾ നടന്നിട്ടുള്ളതായി നാം കേട്ടിട്ടുണ്ട്. ലോക്കപ്പു മർദ്ദനങ്ങളെ സംബന്ധിച്ചും കേട്ടിട്ടുണ്ട്. പക്ഷേ ഇതിനെയെല്ലാം അതിജീവിക്കുന്ന വിധത്തിൽ, മർദ്ദനം നടന്നിട്ടില്ലെങ്കിലും, മാനസികമായ ആഘാതം ഉണ്ടാക്കുന്ന ഒരു സംഭവം അടുത്തദിവസം കോഴിക്കോട് നടക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തിൽ വളരെയധികം പ്രചാരമുള്ള പ്രമുഖ പത്രങ്ങളിലൊന്നാണ് മാതൃഭൂമി. മാതൃഭൂമി ന്യൂസ് എഡിറ്റർ ശ്രീ. ടി. കെ. ആർ. പണിക്കർ അദ്ദേഹത്തെ ദേഹോപദ്രവമേൽപ്പിച്ചതായി ഒരു പരാതി കൊടുക്കാൻ ഈ മാസം 5-ാം തീയതി വൈകുന്നേരം കോഴിക്കോട് ടൗൺ പോലീസ് സ്റ്റേഷനിലേയ്ക്കു പോവുകയുണ്ടായി. എന്നാൽ പോലീസ് സ്റ്റേഷനിൽനിന്നും അദ്ദേഹത്തിന്റെ പരാതിപോലും വാങ്ങിക്കാൻ തയ്യാറാകാതെ 'നിങ്ങളെ അറസ്റ്റു ചെയ്തിരിക്കുന്നു' എന്നു പറഞ്ഞ് സബ് ഇൻസ്പെക്ടർ അദ്ദേഹത്തെ ലോക്കപ്പിൽ അടച്ചു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അറസ്റ്റുചെയ്യാനായി രേഖാമൂലമുള്ള പരാതികളൊന്നും ഇല്ലായിരുന്നുവെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. അതിനുശേഷം പിറ്റെദിവസം (തിങ്കളാഴ്ച) ഉച്ചയ്ക്കു പത്രണ്ടു മണിക്ക് അദ്ദേഹത്തെ കോടതിയിൽ ഹാജരാക്കുന്നതുവരെ മലമൂത്രവിസർജ്ജനത്തിനു പോലും സൗകര്യം കൊടുക്കുകയോ ഒരു ഗ്ലാസ് വെള്ളംപോലും കുടിക്കാൻ നൽകുകയോ ചെയ്തിട്ടില്ലാത്ത ഭാരുണമായ സംഭവമുണ്ടായി. ഇതിനെ സംബന്ധിച്ച് പോലീസ് സബ് ഇൻസ്പെക്ടറോടു പരാതിപ്പെട്ടപ്പോൾ മേലധികാരികളുടെ നിർദ്ദേശമനുസരിച്ചാണ് ഇത്തരത്തിലുള്ള പെരുമാറ്റമുണ്ടായിട്ടുള്ളതെന്നാണ് അറിയാൻ സാധിച്ചിട്ടുള്ളത്. ശ്രീ. പണിക്കരെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അദ്ദേഹം മാതൃഭൂമിയുടെ സ്റ്റാഫ് അസോസിയേഷൻ പ്രസിഡന്റാണ്. സ്വാതന്ത്ര്യസമരകാലത്ത് ജയിൽവാസം അനുഭവിച്ചിട്ടുള്ള ആളാണ്. സേലം ജയിലിലെ വെടിവയ്പിൽ പ്രതിഷേധിച്ച് കോൺഗ്രസ്സിൽ നിന്നും രാജിവച്ച് പുറത്തുവന്ന സ്വാതന്ത്ര്യപ്പടയാളികളിലൊരാളാണ്. ഇത്രയേറെ പ്രാധാന്യമുള്ള ഒരു പൗരന്, ഒരു പത്രപ്രവർത്തകന് പോലീസ് ലോക്കപ്പിൽ നേരിടേണ്ടിവന്ന അനുഭവം ഇതാണെങ്കിൽ സാധാരണക്കാരന് എവിടെയാണു രക്ഷ എന്നു ഞാൻ ഈ സന്ദർഭത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. എം. അബൂബേക്കർ]

ചോദിക്കാനാഗ്രഹിക്കുകയാണ്. ഇതിനു കാരണമായി പറയപ്പെടുന്ന ചില സംഭവങ്ങളും മാതൃഭൂമി സ്ഥാപനത്തിൽ ഉണ്ടായിട്ടുള്ളതിനെ സംബന്ധിച്ചൊന്നും ഞാൻ ഈയവസരത്തിൽ പറയുന്നില്ല. ശ്രീ. പണിക്കരെ ദേഹോപദ്രവം ഏൽപ്പിക്കുകയും മറ്റും ചെയ്തതിന്റെമേൽ അദ്ദേഹത്തിന്റെ ജീവൻ അപകടത്തിലാണെന്നു കാണിച്ചുകൊണ്ട് അദ്ദേഹംതന്നെ കോഴിക്കോട് സർക്കിൾ ഇൻസ്പെക്ടർക്ക് കഴിഞ്ഞ 29-ാം തീയതി ഒരു പരാതി ബോധിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരു പരാതി കിട്ടിയശേഷം അതിനെ സംബന്ധിച്ച് അന്വേഷിക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിക്കാതെ ശ്രീ. പണിക്കരെ പോലീസ് ലോക്കപ്പിൽ അടച്ച് അദ്ദേഹത്തിനു മലമൂത്രവിസർജ്ജനത്തിനുള്ള സൗകര്യംപോലും അനുവദിക്കാതെയിരിക്കുകയാണ് പോലീസ് ചെയ്തിട്ടുള്ളത്. അദ്ദേഹം ഒരു ഹൃദ്രോഗിയാണ്, രക്തസമ്മർദ്ദത്തിന്റെ സുഖക്കേടുള്ളവനാണ്. ഇക്കാര്യം ഗവൺമെന്റ് വളരെ ഗൗരവപൂർവ്വം കണക്കിലെടുക്കണമെന്നും വേണ്ട നടപടികളും സ്വീകരിക്കണമെന്നും ഞാൻ വളരെ വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്.

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) : ഇതിനെ സംബന്ധിച്ച് ശ്രീ. ടി. കെ. ആർ. പണിക്കരും പത്രപ്രതിനിധികളുടെ അസോസിയേഷൻ സെക്രട്ടറിയുംകൂടി മിനിയാന്ന് എന്നെ വന്നു കാണുകയും ഒരു മെമ്മോറാണ്ടം തരികയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഡി. എസ്. പി. തന്നെ നേരിട്ട് അന്വേഷിച്ച് ഒരു റിപ്പോർട്ട് തരണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. ശ്രീ. പണിക്കരുടെ മേമ്മോറാണ്ടത്തിൽ തന്നെ ശ്രീ. പണിക്കരും ഒരു ശിവരാമനുമായിട്ടുള്ള അങ്ങോട്ടുമിങ്ങോട്ടും നടന്ന അടിയുടെ കാര്യത്തെ സംബന്ധിച്ച പരാമർശമുണ്ട്. ആ ശിവരാമനെ മാതൃഭൂമി പത്രാധിപസമിതിയുടെ ആവശ്യം അനുസരിച്ച് അടികൊണ്ടു വീണതാണെന്നു പറഞ്ഞ് ആശുപത്രിയിൽ അഡ്മിറ്റു ചെയ്യുകയും ആശുപത്രിയിൽവച്ച് മൊഴി വാങ്ങിച്ചശേഷം ഒരു കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിനുശേഷമാണ് ശ്രീ. പണിക്കർ പോലീസ് സ്റ്റേഷനിൽ ചെന്നത്. അതിനു മുൻപുതന്നെ നോൺ ബയിലബിൾ ആയിട്ടുള്ള കേസ് ഉണ്ടായിരുന്നതുകൊണ്ട് അതനുസരിച്ചാണ് ശ്രീ. പണിക്കരെ അറസ്റ്റു ചെയ്തിട്ടുള്ളത്. അദ്ദേഹത്തോട് പോലീസ് അപമര്യാദയായി പെരുമാറുകയും കണ്ണാടി എടുക്കണമെന്ന് ആവശ്യപ്പെടുകയും കണ്ണാടി എടുക്കാതിരുന്നപ്പോൾ കണ്ണാടി പോലീസ് എടുത്തു മാറ്റുകയും ചെയ്തുവെന്നും അതുപോലെതന്നെ മലമൂത്രവിസർജ്ജനത്തിനുള്ള സൗകര്യംപോലും—സുഖമില്ലാത്ത ആളാണെന്നു പറഞ്ഞിട്ടും — കൊടുത്തിട്ടില്ലെന്നുമാണ് പരാതിയുണ്ടായിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ സ്പെസിഫിക്കായിട്ടുള്ള വിവരം നൽകണമെന്ന് ആവശ്യപ്പെട്ടു. അപ്പോൾ അങ്ങനെ യാതൊരു സംഭവവും ഉണ്ടായിട്ടില്ലെന്നാണ് പോലീസിൽനിന്നും കിട്ടിയ വിവരം. ഏതായാലും ലോക്കപ്പിൽ നടക്കുന്ന മർദ്ദനങ്ങളെ സംബന്ധിച്ച് ഏതെങ്കിലും വിധത്തിൽ പരാതികളുണ്ടെങ്കിൽ അത് അന്വേഷിക്കുന്നതിന് ഗവൺമെന്റ് ഒരു ജി. ഒ. പുറപ്പെടുവിച്ചിട്ടുണ്ട്. അതുകൊണ്ട് പോലീസ് അല്ലാത്ത ആളുകളെക്കൊണ്ട് അന്വേഷിപ്പിക്കുന്നതായിരിക്കും. പോലീസിൽനിന്നും കിട്ടിയ വിവരം ഇതുപോലെ യാതൊന്നും നടന്നിട്ടില്ലെന്നാണ്. മലമൂത്രവിസർജ്ജനത്തിനു വിട്ടതായി അവിടത്തെ രേഖകളിൽ ഉണ്ടെന്നാണു പറയുന്നത്. അതുകൊണ്ട് ഗവൺമെന്റിന്റെ ഓർഡറിന്റെ വെളിച്ചത്തിൽ മറ്റു വിധത്തിലുള്ള അന്വേഷണത്തിനു ഏർപ്പാടു ചെയ്യാമെന്നു മാത്രമേ ഇപ്പോൾ പറയുന്നുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എം. അബൂബേക്കർ : മലമൂത്ര വിസർജ്ജനത്തിനു വിട്ടതായി രേഖയുണ്ടെന്നു് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഈ സംപ്രദായം എന്നാണു തുടങ്ങിയിട്ടുള്ളതെന്നു പറയാമോ ?

ശ്രീമതി കെ. ആർ. ഗൗരി : ഇതു പണ്ടേയുള്ള സംപ്രദായമാണു്. ഒരു പ്രതിയെ ലോക്കപ്പിൽ അടച്ചാൽ ആ പ്രതിയെ പുറത്തേക്കു് വിടണമെങ്കിൽ മാർക്കു ചെയ്യണം. ശ്രീ. അബൂബേക്കർ ലോക്കപ്പിൽ പോയിട്ടില്ലാത്തതു കൊണ്ടാണു് അറിഞ്ഞുകൂടാത്തതെന്നു ഞാൻ കരുതുന്നു. ഇങ്ങനെ പുറത്തേക്കു വിടുന്നതിനു 'ചീക്ക്' എന്നാണു പറയുന്നതു്. അങ്ങനെ പുറത്തേയ്ക്കു ഇറക്കുമ്പോഴും തിരിയെ ലോക്കപ്പിൽ കയറുമ്പോഴും മാർക്കു ചെയ്യും. ഇതു പണ്ടേ ഉള്ള സംപ്രദായമാണു്. അതു മാറിയിട്ടുള്ളതായും അറിയുന്നില്ല.

ശ്രീ. കെ. കെ. അബു : പോലീസിൽനിന്നും ഔദ്യോഗികമായി കിട്ടിയ റിപ്പോർട്ടു് ശരിയല്ല. ഇതു് എനിക്കു് നേരിട്ടറിയാവുന്നതാണു്. അവിടെ ശരിക്കും സംഭവിച്ച കാര്യങ്ങളാണു് ശ്രീ. അബൂബേക്കർ സഭയുടെ മുൻപാകെ വച്ചിട്ടുള്ളതു്. മാതൃഭൂമി മാനേജ്മെൻറിനെ സംബന്ധിച്ചിടത്തോളം എട്ടു ലക്ഷത്തോളം രൂപയുടെ ബാദ്ധ്യതയുണ്ടാകുന്ന പ്രശ്നങ്ങളും ഇതിൽ അന്തർഭവിച്ചിട്ടുണ്ടു്. ശ്രീ. പണിക്കർ അസോസിയേഷൻ പ്രസിഡൻറാണു്. അതുകൊണ്ടു് മാതൃഭൂമി മാനേജുമെൻറിൻെറ സ്വാധീനം പോലീസിൽ ഉപയോഗിച്ചാണു് ഇതൊക്കെ സംഭവിപ്പിച്ചിട്ടുള്ളതു്. അതുകൊണ്ടു് ഇക്കാര്യം വളരെ വിപുലമായി അന്വേഷിക്കണം.

ശ്രീമതി കെ. ആർ. ഗൗരി : ഇതെല്ലാം എന്നോടു വന്നു പറഞ്ഞിരുന്നു. മാതൃഭൂമിയിൽനിന്നും സസ്പെൻറു ചെയ്തു എന്നാണെഴുതിയിരിക്കുന്നതു്. മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുന്നതു് ശ്രീ. കോഴിപ്പുറത്തു മാധവമേനോൻെറ നിർദ്ദേശത്തിൻെറ അടിസ്ഥാനത്തിലാണു് ഇങ്ങനെ ചെയ്തിട്ടുള്ളതെന്നാണു്. ഏതായാലും പോലീസുദ്യോഗസ്ഥൻമാരല്ലാത്ത മറ്റുദ്യോഗസ്ഥൻമാരെ ആരെയെങ്കിലും കൊണ്ടു് ഇക്കാര്യം അന്വേഷിപ്പിക്കുന്നതായിരിക്കും.

ഡെപ്യൂട്ടി സ്പീക്കർ : ട്രാക്ടർ ഉപയോഗിച്ചു തൻെറ കൃഷിസ്ഥലം ഉഴുതതിൽ പ്രതിഷേധിച്ചു് ചില ആളുകൾ തിരുവല്ലാ മതിൽഭാഗത്തു് ശ്രീ. കെ. പി. രവീന്ദ്രൻ നായരുടെ വീടു് തീവച്ചു നശിപ്പിച്ചതിനെത്തുടർന്നു് സ്ഥലത്തുണ്ടായിട്ടുള്ള ഗുരുതരാവസ്ഥ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുന്നതിനു് ശ്രീ. ജോൺ ജേക്കബു് റൂൾ 61 അനുസരിച്ചു് നോട്ടീസു് തന്നിട്ടുണ്ടു്. അതു് ബന്ധപ്പെട്ട മന്ത്രിക്കു് അയച്ചുകൊടുക്കുന്നതാണു്.

(ii) LATHI CHARGE ON THE STUDENTS AND PUBLIC OF PALLIPURAM

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): സർ, കഴിഞ്ഞദിവസം പള്ളിപ്പുറത്തു നടന്ന സംഭവത്തെപ്പറ്റി പറയാമെന്നു ഞാൻ പറഞ്ഞിരുന്നു. അവിടെ പോലീസു് മർദ്ദനം നടന്നിട്ടുണ്ടെന്നും അറസ്റ്റുചെയ്ത ആളുകൾക്കു് ആഹാരം കൊടുത്തിട്ടില്ലെന്നുമുള്ള രണ്ടു ചാർജുകളാണു് ഉണ്ടായിരുന്നതു്. ഇതിനെ സംബന്ധിച്ചിടത്തോളം അന്വേഷിച്ചതിൽ രണ്ടു പ്രാവശ്യമായിട്ടാണു് അറസ്റ്റു ചെയ്തിട്ടുള്ളതെന്നു മനസ്സിലാകുന്നു. ഒരു പ്രാവശ്യം 38 പേരെയും രണ്ടാമത്തെ പ്രാവശ്യം 14 പേരെയുമാണു്